**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4011** **17-03-2025 - ൽ മറുപടിയ്ക്ക്**

**'പടവുകൾ' പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | വിധവകളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള ധന സഹായം നൽകുന്ന 'പടവുകൾ' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യവും മാനദണ്ഡവും അറിയിക്കാമോ; | (എ) | വിധവകളുടെ കുടുംബത്തിന്റെ ഭാവി സുരക്ഷിതമാക്കുന്നതിനായി, വിധവകളുടെ വിവിധ പ്രൊഫഷണൽ കോഴ്സകൾക്ക് പഠിക്കുന്ന മക്കളുടെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ്, മെസ് ഫീസ് എന്നിവയ്ക്ക് ധനസഹായം നൽകുക എന്ന ഉദ്ദേശ്യത്തോടെ 'പടവുകൾ' എന്ന ഉന്നത വിദ്യാഭ്യാസ ധനസഹായ പദ്ധതി 2018-19 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. 'പടവുകൾ' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യവും മാനദണ്ഡവും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ; | (ബി) | 2024-25 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി 2235-02-103-77-NP ബഡ്ജറ്റ് ശീർഷകത്തിൽ ആകെ 48,40,000/- രൂപയാണ് വകയിരുത്തിയിരുന്നത്. ആയതിൽ നിന്നും 2022-23 വർഷത്തിൽ പെൻഡിംഗിലുണ്ടായിരുന്ന 36 ഗുണഭോക്താക്കൾക്ക് 48,27,278/-രൂപ അനുവദിച്ചിട്ടുണ്ട്.<br><br>പടവുകൾ പദ്ധതി പ്രകാരം 2018-19 മുതൽ അനുവദിച്ച് വരുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | വർഷം | അനുവദിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | 2018-19 | 21,95,148 | 54 |
| 2 | 2019-20 | 25,02,459 | 50 |
| 3 | 2020-21 | 17,76,295 | 23 |
| 4 | 2021-22 | 2,60,95,673 | 300 |
| 5 | 2022-23 | 43,66,126 | 36 |
| 6 | 2023-24 | 48,37,364 | 44 |
| 7 | 2024- | 48,27,278 | 36 |

| | | | |
|---|---|---|---|
| | | | 25 |
| (സി) | പദ്ധതിയ്ക്ക് നിലവിലുള്ള കുടിശിക എത്രയെന്ന് അറിയിക്കാമോ? | (സി) | പടവുകൾ പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷത്തെ 242 ഗുണഭോക്താക്കൾക്കായി 2,62,82,877/-രൂപയും, 2023-24 സാമ്പത്തിക വർഷത്തെ 278 ഗുണഭോക്താക്കൾക്കായി 3,40,47,915/-രൂപയും ഉൾപ്പെടെ നാളിതുവരെ 520 ഗുണഭോക്താക്കൾക്കായി 6,03,30,792/- രൂപ അനുവദിക്കേണ്ടതായുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## പടവുകൾ

പടവുകൾ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യവും മാനദണ്ഡവും ചുവടെ ചേർക്കുന്നു.

### പദ്ധതി ധനസഹായം

1. പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന (എം.ബി.ബി.എസ്, എഞ്ചിനീയറിംഗ്, ബി.ഡി.എസ്, BHMS, BAMS എന്നിവയും, കേന്ദ്ര സംസ്ഥാന സർക്കാരുകൾ അംഗീകരിച്ചിട്ടുള്ള പ്രൊഫഷണൽ കോഴ്സുകളും), വിധവകളുടെ മക്കളുടെ ട്യൂഷൻ ഫീസും, ഹോസ്റ്റലിൽ താമസിക്കുന്നവരാണെങ്കിൽ സ്ഥാപനം നിശ്ചയിച്ചിട്ടുള്ള ഹോസ്റ്റൽ ഫീസും, മെസ്സ് ഫീസും നൽകുന്നു.

2. സെമസ്റ്റർ ഫീസാണെങ്കിൽ വർഷം 2 തവണയും വാർഷിക ഫീസാണെങ്കിൽ ഒറ്റത്തവണയായും ധനസഹായം ലഭിക്കും.

3. സർക്കാർ,സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ/സ്വാശ്രയ കോളേജുകളിൽ സർക്കാർ മെരിറ്റ് സീറ്റിൽ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്നവരും ആയിരിക്കണം.

### പദ്ധതി മാനദണ്ഡം

1. സർക്കാർ, സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടിയവരായിരിക്കണം.
2. സ്വാശ്രയ സ്ഥാപനങ്ങളിൽ സർക്കാർ മെരിറ്റ് സീറ്റുകളിൽ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടിയവരായിരിക്കണം.
3. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ, സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സർവ്വകലാശാലകൾ അംഗീകരിച്ചിട്ടുള്ള മറ്റ് പ്രൊഫഷണൽ കോളേജുകൾ എന്നിവയിൽ പഠിക്കുന്നവരായിരിക്കണം.
4. കേന്ദ്ര-സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവരായിരിക്കണം.
5. കുടുംബത്തിന്റെ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ കവിയാൻ പാടില്ല.
6. പഠിയ്ക്കുന്ന സ്ഥാപനത്തിലെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ് (ഹോസ്റ്റലിൽ താമസിക്കുന്നവരാണെങ്കിൽ), മെസ് ഫീസ് എന്നിവ സംബന്ധിച്ച വിദ്യാഭ്യാസ സ്ഥാപന മേലധികാരിയുടെ സാക്ഷ്യപത്രവും തുക അടച്ചിട്ടുണ്ടെന്നുള്ള (തുക സഹിതം) അപേക്ഷകയുടെ സത്യവാങ്മൂലവും.
7. സർക്കാർ തലത്തിൽ മറ്റ് സ്കോളർഷിപ്പുകൾ ലഭിക്കുന്നവർ ഈ ധനസഹായത്തിന് അർഹരല്ല.

8. അങ്കണവാടി ജീവനക്കാർ, ആശാവർക്കർമാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ ഒഴികെയുള്ള സർക്കാർ ജീവനക്കാർ ഈ ആനുകൂല്യത്തിന് അർഹരല്ല.

9. ധനസഹായ തുക അപേക്ഷകയുടെ (മാതാവിന്റെ) ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നു.

10. ധനസഹായം ലഭിക്കേണ്ട കുട്ടി വിധവയുടെ മകൾ/മകൻ ആയിരിക്കണം.

11. ഒരു കുടുംബത്തിലെ രണ്ട് വിദ്യാർത്ഥികൾ ധനസഹായത്തിന് അർഹരായിരിക്കും.

ധനസഹായത്തിനുള്ള അപേക്ഷകൾ ശിശു വികസന പദ്ധതി ഓഫീസർമാർ ഓൺലൈൻ വെബ് സൈറ്റ് വഴി മാത്രം സ്വീകരിച്ച്, ലഭിക്കുന്ന അപേക്ഷകളിൽ നിന്നും എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്നതും ആവശ്യപ്പെട്ട എല്ലാ രേഖകളും ഉള്ള അപേക്ഷകൾ വ്യക്തമായ ശിപാർശയോടെ ഓൺലൈൻ ആയി ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് നൽകുന്നു. ജില്ലാ വനിത ശിശു വികസന ഓഫീസർമാർ ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളുടെ ലിസ്റ്റ് (മുൻഗണന അടിസ്ഥാനത്തിൽ തയ്യാറാക്കി) നിശ്ചിത പ്രൊഫോർമയിൽ ജില്ലാ കളക്ടർ അധ്യക്ഷനായുള്ള കമ്മിറ്റിയുടെ അംഗീകാരത്തോടെ വനിതാ ശിശു വികസന ഡയറക്ടർക്ക് അലോട്ട്മെന്റിനായി ലഭ്യമാക്കും.